I/84283/2023

വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ. പ്രിയങ്ക ജി ഐ എ എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് – അന്താരാഷ്ട്ര വനിത ദിനം 2023 – ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നത് - തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം: 1. സ ഉ (സാധാ) നം. 352/2022/വ ശി വി വ തീയതി, 02/08/2022

**ഉത്തരവ് നം. DWCD/6532/2022-WEC1 തീയതി: 02-03-2023**

വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും അന്താരാഷ്ട്ര വനിതാദിന പരിപാടി വളരെ വിപുലമായ രീതിയിൽ ആഘോഷിച്ചുവരുന്നു. 2023 വർഷവും പ്രസ്തുത പരിപാടി വിപുലമായി ആചരിക്കേണ്ടതുണ്ട്. "DigitALL: Innovation and technology for gender equality", " ലിംഗ സമത്വത്തിനായുള്ള നവീകരണവും സാങ്കേതിക വിദ്യയും " എന്നതാണ് ഇക്കൊല്ലത്തെ തീം. പ്രസ്തുത തീം ആസ്പദമാക്കി പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി വകുപ്പുമായി ബന്ധപ്പെട്ട ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ അന്താരാഷ്ട്ര വനിതാദിനമായ 2023 മാർച്ച് 8 ന് ജില്ല വനിത ശിശു വികസന ഓഫീസർമാർ ചുവടെ ചേർത്തിട്ടുള്ള പരിപാടികൾ ജില്ലാതലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

**മാർച്ച് 8 ന് ജില്ലകളിൽ നടത്തേണ്ട പരിപാടികൾ**

1. "DigitALL: Innovation and technology for gender equality", " ലിംഗ സമത്വത്തിനായുള്ള നവീകരണവും സാങ്കേതിക വിദ്യയും " എന്നതാണ് ഇക്കൊല്ലത്തെ തീം. പ്രസ്തുത വിഷയത്തെ ആസ്പദമാക്കി കുടുംബശ്രീ സി ഡിഎസ്ചെയർപേഴ്സൺമാർ, വനിതാ സംഘടന പ്രതിനിധികൾ,വനിതാ ജനപ്രതിനിധികൾ, ഗവ.മഹിളാ മന്ദിരങ്ങളിലെ താമസക്കാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക.
2. വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച വനിതകളെ ആദരിക്കൽ
3. രാത്രികാലങ്ങളിൽ പൊതു ഇടങ്ങൾ സ്ത്രീ സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി നൈറ്റ് വാക്ക്, നൈറ്റ് 'ട്രാവൽ സംഘടിപ്പിക്കൽ.

മേൽ പരിപാടികൾ ജില്ലകളിൽ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന തല പരിപാടി നടക്കുന്ന തിരുവനന്തപുരം ജില്ല ഒഴികെയുള്ള 13 ജില്ലകൾക്കും 30,000/- രൂപ വീതവും, സംസ്ഥാനതലപരിപാടിയുടെ ഭാഗമായി പരിപാടികൾ സംഘടിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയ്ക്ക് 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4,90,000/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ

മാത്രം) ചുവടെ പറയുന്ന പട്ടിക പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 1,00,000/- |
| 2 | കൊല്ലം | 30,000/- |
| 3 | ആലപ്പുഴ | 30,000/- |
| 4 | പത്തനംതിട്ട | 30,000/- |
| 5 | കോട്ടയം | 30,000/- |
| 6 | ഇടുക്കി | 30,000/- |
| 7 | എറണാകുളം | 30,000/- |
| 8 | തൃശ്ശൂർ | 30,000/- |
| 9 | പാലക്കാട് | 30,000/- |
| 10 | മലപ്പുറം | 30,000/- |
| 11 | കോഴിക്കോട് | 30,000/- |
| 12 | വയനാട് | 30,000/- |
| 13 | കണ്ണൂർ | 30,000/- |
| 14 | കാസർഗോഡ് | 30,000/- |
| | | 4,90,000/- (നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) |

ഇതിലേക്കാവശ്യമായ 4,90,000 /- രൂപ ( നാല് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-02-34-03 PLAN എന്ന ശീർഷകത്തിൽ നിന്നും ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെൻറായി അനുവദിക്കേണ്ടതാണ്. പ്രസ്തുത പരിപാടികൾ സംഘടിപ്പിച്ച ശേഷം ഡോക്യുമെന്റേഷൻ, ചെലവ് വിവര പട്ടിക, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ജില്ല വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് :

1. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)
2. വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്.
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം